**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4269** **06-03-2023 - ൽ മറുപടിയ്ക്ക്**

**അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | നിലവിൽ പരിഗണനയിലില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പെൻഷൻ ആനുപാതികമായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോയെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | കോവിഡ് പ്രതിസന്ധി മൂലവും അസുഖം, അപകടം തുടങ്ങിയ കാരണങ്ങളാലും അംശാദായം അടയ്ക്കാനാവാതെ അംഗത്വം പുതുക്കാനാവാത്ത അഞ്ച് വർഷം വരെ കുടിശിക വരുത്തിയിട്ടുള്ള അംഗങ്ങൾക്ക് അംഗത്വം പുതുക്കാനുള്ള അവസരം നൽകുന്ന കാര്യം പരിശോധിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | കോവിഡ് -19 പ്രതിസന്ധി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതിനാലും നിരവധി തൊഴിലാളികൾക്ക് അംശാദായം കൃത്യമായി ഒടുക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുള്ളതിനാലും ഒരു വർഷം വരെ അംശാദായ ഇനത്തിൽ കുടിശ്ശിക വരുത്തിയ അംഗങ്ങൾക്ക് 22.09.2021-ൽ ചേർന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംശാദായ കുടിശ്ശിക ഗഡുക്കളായി സ്വീകരിക്കുന്നതിനും അംശാദായ അടവ് കുടിശ്ശിക വരുത്തിയതുമൂലം അസാധുവാക്കപ്പെട്ട അംഗത്വം പുതുക്കുന്നതിനും ഉള്ള അവസരം നൽകിയിട്ടുണ്ട്. അഞ്ച് വർഷം വരെ കുടിശ്ശിക വരുത്തുന്ന അംഗങ്ങൾക്ക് അംഗത്വം പുന:സ്ഥാപിച്ച് നൽകുന്നുണ്ട്. പത്ത് വർഷത്തിനുമേൽ കുടിശ്ശിക വരുന്ന അംഗങ്ങളുടെ അംഗത്വ പുന:സ്ഥാപനം ബോർഡ് തീരുമാനത്തിന് വിധേയമായി അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ